പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത് ചോദ്യം നമ്പർ -**1572** **21. 01. 2014-** ലെ മറുപടി

## പ്രവാസി ക്ഷേമനിധി ബോർഡ് അനുവദിച്ച ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകപ്പ് മന്ത്രി)* |
| (എ) പ്രവാസിക്ഷേമനിധിബോർഡിൽ എത്ര പ്രവാസികൾ ഇതുവരെ ക്ഷേമനിധി വിഹിതം അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ ഇതുവരെ 1,12,242 പേർ ക്ഷേമനിധി വിഹിതം അടച്ചിട്ടുണ്ട്. |
| (ബി) ക്ഷേമനിധി ബോർഡിൽനിന്നും 2012-13 സാമ്പത്തിക വർഷത്തിൽ എത്ര അംഗങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നും 2012-13 സാമ്പത്തിക വർഷത്തിൽ 84 അംഗങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഏതെല്ലാം ഇനങ്ങളിലാണ് ധനസഹായം ലഭ്യമാക്കിയിട്ടുള്ളത് എന്നും ഓരോ ഇനത്തിലും എന്ത് തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ നിന്നും 2012-13 സാമ്പത്തിക വർഷത്തിൽ 65 അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 16,36,666 രൂപയും 19 അംഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 3,04,500 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) മുഴുവൻ പ്രവാസികളെയും അംഗങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി)പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനായി പ്രവാസികൾക്കിടയിൽ നിരവധി ബോധവത്കരണ പരിപാടികൾ ബോർഡ് .ഇതിനകം നടത്തിയിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രവാസി സംഘടനകളുമായി സഹകരിച്ചുകൊണ്ടും അവരുടെ സഹായത്തോടുകൂടിയും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. പ്രവാസി ഭാരതീയ ദിവസ്, ഗ്ലോബൽ എൻ.ആർ.കെ. മീറ്റ് തുടങ്ങിയവ വഴി പ്രവാസികൾക്ക് ക്ഷേമനിധി അംഗത്വം എടുക്കുന്നതു സംബന്ധിച്ച് അവബോധം നല്കി വരുന്നുണ്ട്. ഇതുകൂടാതെ മാധ്യമങ്ങൾ വഴിയും പ്രവാസികൾക്കിടയിൽ ബോധവത്കരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ